**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4291** **28-10-2021 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിൽ വൈദ്യുത വിതരണ ശൃംഖല തകരാറിലാകുന്നത് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നിവിടങ്ങളിൽ കാലാവസ്ഥ വ്യതിയാനം ഉണ്ടാകുന്ന അവസരങ്ങളിൽ വൻമരങ്ങൾ കടപുഴകി വീണ് വൈദ്യുത വിതരണ ശൃംഖല തകരാറിലാകുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ LT/HT ലൈനുകൾ കവചിതലൈനുകളാക്കി മാറ്റുന്ന പ്രവൃത്തി ഘട്ടം ഘട്ടമായി ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ദ്യുതി 2021 പദ്ധതിയിൽപ്പെടുത്തി 5 കി.മീ LT ABC (Arial Bunched Cable) വലിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ 8 കി.മീ. LT ABC യും 1.5 കി.മീ HT ABC യും വലിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കി വരുന്നു. വെള്ളറട സബ് സ്റ്റേഷനിൽ നിന്നുള്ള പുതിയ രണ്ട് 11 കെ.വി ഫീഡറുകളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനായി 66.87 ലക്ഷം രൂപയുടെ UG/OH ലൈനുകൾ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയായ RDSS ൽ ഉൾപ്പെടുത്തി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനും ABC അഥവാ കവേർഡ് കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. |
| (ബി) | ഈ മേഖലയിൽ സാധ്യതയ്ക്ക് അനുസരിച്ച് ഭൂഗർഭ കേബിൾ വഴിയോ കവേർഡ് ലൈൻ വഴിയോ വൈദ്യുത വിതരണം നടത്തണമെന്ന നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ LT/HT ലൈനുകൾ കവചിതലൈനുകളാക്കി മാറ്റുന്ന പ്രവൃത്തി ഘട്ടം ഘട്ടമായി ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ദ്യുതി 2021 പദ്ധതിയിൽപ്പെടുത്തി 5 കി.മീ LT ABC (Arial Bunched Cable) വലിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ 8 കി.മീ. LT ABC യും 1.5 കി.മീ HT ABC യും വലിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കി വരുന്നു. വെള്ളറട സബ് സ്റ്റേഷനിൽ നിന്നുള്ള |

| | | | |
|---|---|---|---|
| | | | പുതിയ രണ്ട് 11 കെ.വി ഫീഡറുകളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനായി 66.87 ലക്ഷം രൂപയുടെ UG/OH ലൈനുകൾ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയായ RDSS ൽ ഉൾപ്പെടുത്തി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനും ABC അഥവാ കവേർഡ് കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ ഭൂഗർഭ കേബിൾ വഴിയോ കവേർഡ് ലൈൻ വഴിയോ വൈദ്യുത വിതരണം നടത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിലെ ഒറ്റശേഖരമംഗലം, വെള്ളറട, അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ LT/HT ലൈനുകൾ കവചിതലൈനുകളാക്കി മാറ്റുന്ന പ്രവൃത്തി ഘട്ടം ഘട്ടമായി ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ദ്യുതി 2021 പദ്ധതിയിൽപ്പെടുത്തി 5 കി.മീ LT ABC (Arial Bunched Cable) വലിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ 8 കി.മീ. LT ABC യും 1.5 കി.മീ HT ABC യും വലിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കി വരുന്നു. വെള്ളറട സബ് സ്റ്റേഷനിൽ നിന്നുള്ള പുതിയ രണ്ട് 11 കെ.വി ഫീഡറുകളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനായി 66.87 ലക്ഷം രൂപയുടെ UG/OH ലൈനുകൾ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഇതിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയായ RDSS ൽ ഉൾപ്പെടുത്തി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനും ABC അഥവാ കവേർഡ് കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ